# ACADEMIC MASTER PLAN

## 2025-'26

GOVT MODEL HSS

KOTTAYAM

## സ്കൂൾ വിവരങ്ങൾ

| | | |
|---|---|---|
| റവന്യൂ ജില്ല | : | കോട്ടയം |
| സ്കൂൾ കോഡ് | : | 33027 |
| സ്കൂളിന്റെ പേര് | : | ഗവൺമെന്റ് മോഡൽ ഹയർ സെക്കന്ററി സ്കൂൾ കോട്ടയം |
| പോസ്റ്റൽ വിലാസം | : | വയസ്കര കുന്ന്, പാലസ് റോഡ്, കോട്ടയം |
| പിൻ കോഡ് | : | 686001 |
| ഫോൺ നമ്പർ | : | 0481 2582932 |
| ഇമെയിൽ | : | gmhskottayam@gmail.com |
| മുനിസിപ്പാലിറ്റി | : | കോട്ടയം |
| വിദ്യാഭ്യാസ ജില്ല | : | കോട്ടയം |
| വിദ്യാഭ്യാസ ഉപജില്ല | : | കോട്ടയം ഈസ്റ്റ് |
| ക്ലാസ്സുകൾ | : | 5 മുതൽ 12 വരെ |
| മാനേജ്മെന്റ് | : | ഗവൺമെന്റ് |
| പഠന മാധ്യമം | : | മലയാളം |
| സ്കൂൾ വിക്കി അഡ്രസ്സ് | : | https://schoolwiki.in/sw/bqm6 |

## ആമുഖം

അക്ഷരനഗരിയായ കോട്ടയത്തിന്റെ ഹൃദയഭാഗത്ത് നാടിന്റെ തിലകക്കുറിയായി ഈ വിദ്യാകേന്ദ്രം നിലകൊള്ളുന്നു. 1947 ൽ യു.പി. സ്കൂൾ എന്ന നിലയിലാണ് സ്ഥാപിതമായത്. 1957 ൽ വിദ്യാലയത്തിൽ ഹൈസ്കൂൾ പ്രവർത്തനം കൂടി ആരംഭിച്ചു. 1997 ൽ വിദ്യാലയത്തിലെ ഹയർസെക്കണ്ടറി വിഭാഗം പ്രവർത്തനമാരംഭിച്ചു.

അക്കാദമിക രംഗത്തെ മികവിനു കാരണം ചിട്ടയായ പ്ലാനിങ്ങും അതിനനുസരിച്ച് പ്രവർത്തനങ്ങളുമാണ്. ഓരോ പ്രവർത്തനവും കൃത്യമായി വിലയിരുത്തുകയും പോരായ്മകൾ ഉണ്ടെങ്കിൽ അപ്പോൾ പരിഹരിക്കുകയും ചെയ്യുന്നു. 2024-25 എസ്.എസ്.എൽ.സി നൂറുമേനി വിജയം വിദ്യാലയത്തിന് 21-ാം വർഷമാണ് ആവർത്തിക്കപ്പെട്ടത്.

പുതിയ അധ്യയനവർഷത്തെ വരവേൽക്കുമ്പോൾ കുട്ടികൾക്ക് ഏതൊക്കെ മേഖലകളിൽ എന്തെല്ലാം പ്രവർത്തനങ്ങളും സൗകര്യങ്ങളും ഒരുക്കിക്കൊടുക്കേണ്ടതുണ്ട് എന്ന് ഈ മാസ്റ്റർ പ്ലാൻ വിഭാവനം ചെയ്യുന്നു. കുട്ടിയുടെ സർവോന്മുഖമായ വികാസത്തിന് പര്യാപ്തമാകും വിധം ചിട്ടപ്പെടുത്തിയ ഈ പ്ലാൻ പ്രാവർത്തികമാക്കാൻ സ്കൂളുമായി ബന്ധപ്പെട്ട് കിടക്കുന്ന എല്ലാ ഘടകങ്ങളും പൂർണ്ണമായും പരിശ്രമിക്കുമെന്ന് ഞങ്ങൾക്കുറപ്പുണ്ട്.

## മോഡൽ സ്കൂൾ ഇന്ന്

5 മുതൽ 12 വരെ ക്ലാസ്സുകളിലായി 400 ഓളം കുട്ടികൾ പഠിക്കുന്നു. ഹയർ സെക്കന്ററി വിഭാഗത്തിൽ 18 അധ്യാപകരും, യു.പി, ഹൈസ്കൂൾ വിഭാഗങ്ങളിലായി 9 അധ്യാപകരും 4 ഓഫീസ് ജീവനക്കാരും ഒരു പാചകത്തൊഴിലാളിയുമാണ് സ്കൂളിൽ സേവനമനുഷ്ഠിക്കുന്നത്. കുട്ടികളുടെ ക്ഷേമത്തിനും സൗകര്യത്തിനുമായി സംസ്ഥാന ഗവൺമെന്റും കോട്ടയം

നഗരസഭയും ഒരുക്കിയ വിശാലമായ ഭൗതിക സാഹചര്യങ്ങൾ ഇവിടെയുണ്ട്. ഭൗതിക സാഹചര്യമൊരുക്കാൻ പി.ടി.എയും ഇതര ഏജൻസികളും അവരുടേതായ സംഭാവനകൾ നൽകിവരുന്നു. സ്വന്തമായി ഒരു കളിസ്ഥലത്തിന്റെ അപര്യാപ്തത നന്നായി അനുഭവിക്കുന്ന ഒരു വിദ്യാലയമാണിത്. എങ്കിലും കോട്ടയം നഗരസഭയുടെ ഉത്സാഹത്തിൽ നാഗമ്പടം നെഹ്റു സ്റ്റേഡിയത്തിൽ കായിക പരിശീലനത്തിനായി കുട്ടികളെ കൊണ്ടുപോകുന്നുണ്ട്. തുടർച്ചയായി 21 വർഷം SSLC പരീക്ഷയ്ക്ക് നൂറു ശതമാനം വിജയം കൊയ്യാൻ മോഡൽ സ്കൂളിലെ കുട്ടികൾക്ക് കഴിഞ്ഞത് അക്കാദമിക രംഗത്തെ വിദ്യാലയത്തിന്റെ മേന്മ എടുത്തുകാണിക്കുന്നു.

## അക്കാദമിക രംഗത്തെ പരിമിതികൾ

ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തി കുട്ടികളെ പരിശീലിപ്പിക്കുന്നുണ്ടെങ്കിലും ഭൗതികസാഹചര്യങ്ങൾ നൂറു ശതമാനം പര്യാപ്തമാണെന്ന് പറയാൻ സാധ്യമല്ല. ക്ലാസ് മുറികൾ ടൈൽസ് പാകി വൃത്തിയുള്ളതാണെങ്കിലും വർഷകാലത്ത് ക്ലാസ് മുറികൾ ചോർന്നൊലിക്കുന്ന സാഹചര്യം ഉണ്ട്. മൂന്നു മുറികൾ കൂടി ഹൈടെക് ആക്കാനുണ്ട്. ക്ലാസ് മുറികളുടെ അറ്റകുറ്റപ്പണികൾ നടത്തേണ്ടതായിട്ടുണ്ട്.

സ്കൂളിന്റെ സമഗ്ര വികസനത്തിന്റെ അളവുകോൽ അക്കാദമിക രംഗത്തെ പുരോഗതി തന്നെയാണെന്നതിൽ തർക്കമില്ല. ഓരോ കുട്ടിയെയും ഓരോ യൂണിറ്റായി കണ്ട് അവരുടെ മികവുകൾ പരിപോഷിപ്പിക്കുന്നതിനായി കോട്ടയം മോഡൽ ഹയർ സെക്കണ്ടറി സ്കൂൾ തയ്യാറാക്കിയ ഈ അക്കാദമിക മാസ്റ്റർ പ്ലാൻ ഈ അധ്യയനവർഷം മുന്നോട്ട് വെക്കുന്ന പാഠ്യ പദ്ധതി പ്രവർത്തനങ്ങളുടെ ഒരു രത്നച്ചുരുക്കം മാത്രമാണ്

# ഭൗതിക സാഹചര്യങ്ങൾ

| പ്രശ്നമേഖല | പരിഹാര മാർഗ്ഗം | കാലയളവ് | സാമ്പത്തികം | ഏറ്റെടുക്കേണ്ട ഏജൻസി |
|---|---|---|---|---|
| 1. കുട്ടികൾക്ക് കായിക വിദ്യാഭ്യാസത്തിന് അനുകൂലമായ സാഹചര്യം ഇല്ല | കളിസ്ഥലത്തിന് ആവശ്യമായ സ്ഥലം സംഘടിപ്പിച്ചു നൽകുക | ഒരു വർഷത്തിനകം | സ്ഥലത്തിന്റെ വില അനുസരിച്ച് | പി.ടി.എ, MLA MP ഫണ്ടുകൾ പൂർവ്വ വിദ്യാർത്ഥികൾ etc. |
| 2. കുട്ടികൾക്ക് ഉച്ചഭക്ഷണം തയ്യാറാക്കുന്നതിനും കഴിക്കുന്നതിനും മെച്ചപ്പെട്ട സൗകര്യമില്ലായ്മ | നിലവിലെ അടുക്കള, ഡൈനിങ് ഹാൾ എന്നിവ പുതുക്കി പണിയൽ | 1 വർഷം | 25 ലക്ഷം | മുനിസിപ്പാലിറ്റി MLA MP ഫണ്ടുകൾ |

# പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് സഹായഹസ്തം

| പ്രശ്നമേഖല | പരിഹാരമാർഗം | കാലയളവ് | സാമ്പത്തികം | ഏറ്റെടുക്കേണ്ട ഏജൻസി |
| --- | --- | --- | --- | --- |
| സ്കൂളിലെ കുട്ടികളിൽ ഈ അധ്യയന വർഷം 7 കുട്ടികൾ പ്രത്യേക പരിഗണന അർഹിക്കുന്നു. ക്ലാസ് മുറികളിൽ ഇൻക്ലൂസിവ് എഡ്യൂക്കേഷൻ ആണ് നടക്കുന്നതെങ്കിലും കാഴ്ച, കേൾവി കുറവുള്ള കുട്ടികൾ പ്രയാസം അനുഭവിക്കുന്നുണ്ട്. | വിവിധ ഏജൻസികളെ സമീപിച്ച് കുട്ടികൾക്ക് സഹായം നൽകൽ | ഒരു വർഷം | ഉപകരണങ്ങളുടെ മൂല്യത്തിനനുസരിച്ച് | സ്കൂളിനെ സഹായിക്കുന്ന ഏതു ഏജൻസിയും / അഭ്യുദയകാംക്ഷികൾ. |

# മേഖല: ഹൈസ്കൂൾ - ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. ആശയധാരണ കൈവരിക്കൽ | പ്രീടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കൽ | ജൂൺ ആദ്യ വാരം | അധ്യാപകർ പിന്നോക്കം നിൽക്കുന്ന കുട്ടികൾ | |
| 2. നിർമ്മിതികളിലെ ശേഷി കൈവരിക്കൽ | ഇൻസ്ട്രമെന്റ് ബോക്സിന്റെ ലഭ്യത | തുടർപ്രവർത്തനം. | അധ്യാപകർ | ടീച്ചേഴ്സ് ഗ്രാന്റ് |
| 3. ഗണിതത്തെ നിത്യജീവിതവുമായി ബന്ധിപ്പിച്ച് ആശയങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടുത്തൽ | ക്ലാസ് റൂം പ്രവർത്തനങ്ങൾ | മാസത്തിൽ ഒന്ന് | അധ്യാപകർ | |
| 4. ഗണിത ആശയങ്ങളിൽ നിന്നും ഉടലെടുക്കുന്ന ഗണിതരൂപങ്ങൾ അനുഭവങ്ങൾ ഇവ പരിചയപ്പെടൽ | ക്ലബ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷത്തിൽ ഒന്ന് | അധ്യാപകർ ഗണിതക്ലബ് | പി.ടി.എ |
| 5. സംഖ്യാബോധം ഉണ്ടാക്കൽ | സംഖ്യാപഠനം | തുടർപ്രവർത്തനം | അധ്യാപകർ സംഖ്യാത്മകൻ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 6. അധ്യാപകർ കാലാനുസൃതമായി ചെയ്ത് ചെറിയ ക്ലാസ് മുതലുള്ള തുടർച്ചലനം സാധ്യമാക്കി കുട്ടികളിൽ അടിസ്ഥാനം ഉറപ്പിക്കുന്നു. | വിഷയസമിതിയുടെ മികച്ച പ്രവർത്തനം, ഇടപെടൽ, ചർച്ചകൾ പാഠാസൂത്രണം എന്നിവ കൂട്ടായ പ്രവർത്തനത്തിലൂടെ ലക്ഷ്യം കൈവരിക്കുന്നു. | അക്കാദമിക വർഷം തുടർ പ്രവർത്തനം | വിഷയസമിതി കൺവീനർ അധ്യാപകർ | |
| 7. ഗണിത മത്സര വേദിയിലേക്ക്. മേളകളിൽ ഉന്നത സ്ഥാനം കൈവരിക്കാൻ. | ഗണിത ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ മത്സരങ്ങൾക്ക് പ്രോത്സാഹനം. | അക്കാദമിക വർഷം സെക്കന്റ് ടേം | ക്ലബ് സെക്രട്ടറി, അധ്യാപകർ | പി.ടി.എ Trs ഗ്രാന്റ് |
| 8. ഗണിത അസംബ്ലി | ഗണിതമായി ബന്ധപ്പെട്ട അറിവുകൾ പങ്കുവെച്ച് HS കുട്ടികൾ നടത്തുന്ന അസംബ്ലി. | രണ്ട് മാസത്തിൽ ഒരിക്കൽ. | ഗണിത അധ്യാപിക സ്കൂൾ ലീഡർ | |
| 9. രക്ഷിതാക്കളെ ബോധവൽക്കരിക്കൽ | മാസത്തിൽ ഒരു പി.ടി.എ നടത്തുന്ന ചുമതലകൾ നൽകുന്നു. | അക്കാദമിക വർഷം എല്ലാ അധ്യാപകരും. | അധ്യാപകർ HM PTA പ്രസിഡന്റ് | |

Class - HS - സയൻസ് ക്ലബ്

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1) | കൗതുകം, ജിജ്ഞാസ, നിരീക്ഷണ പാടവം എന്നിവ പരിപോഷിപ്പിക്കുക | പരീക്ഷണങ്ങൾ, മോഡലുകൾ, പ്രോജക്ടുകൾ എന്നിവ കുട്ടികളെ കൊണ്ട് നിർമ്മിച്ച് വിശച്ച് സ്കൂളിലെ പൊതുവേദിയിൽ അവതരണം. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | |
| 2 | ശാസ്ത്രലോകത്ത് നിരന്തരമായി അന്വേഷണം നടത്തുകയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്യാനുള്ള ശേഷി നേടുകയും ചെയ്യുന്ന | ക്ലാസുകളിൽ സെമിനാർ പേപ്പറുകൾ അവതരിപ്പിച്ച് മികച്ചത് പൊതു വേദിയിൽ അവതരിപ്പിക്കുക. പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കിയതിൽ മികവുറ്റത് സ്കൂളിൽ അവതരിപ്പിക്കുക | " | " | |
| 3 | പുനരുപയോഗം, വൈദ്യുത ഉപകരണങ്ങളുടെ തകരാറുകൾ പരിഹരിക്കുന്നതിനുള്ള പരിചയം | കേടായ LED ലാമ്പുകൾ നന്നാക്കുന്നതിനുള്ള ഒരു വർക്ക് ഷോപ്പ് സംഘടിപ്പിക്കുക. കുട്ടികൾ കൊണ്ടുവരുന്ന കേടായ ലാമ്പുകൾ നന്നാക്കാൻ അവരെ പ്രാപ്തരാക്കുക. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | |
| 4 | വ്യവസായ ശാലകൾ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഉപയോഗിക്കുന്ന റോബോട്ടുകൾ, മിഷ്യനുകൾ ഇവ പരിചയപ്പെടുത്തൽ | കുട്ടികൾക്ക് ഒരു ഫീൽഡ് ട്രിപ്പ് ഇത്തരം സ്ഥലങ്ങളിലേക്ക് സംഘടിപ്പിക്കുക. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | |

# CLASS HS - മലയാളം

| SL | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1) | പത്രവായന, പുസ്തക വായന, വാക്യരചനകൾ, കഥ, കവിതാ-വായന, കഥാവതരണം | എല്ലാ കുട്ടികളും അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും കരസ്ഥമാക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തുക. | ജൂൺ | | |
| | വായിച്ച പുസ്തകത്തിന്റെ ആശയം കുറിക്കൽ. ആസ്വാദനക്കുറിപ്പ് മത്സരം, കാവ്യാലാപനം | എല്ലാ കുട്ടികളും ആശയം ഗ്രഹിച്ച് അർത്ഥം പൂർണ്ണമായി വായിക്കുന്നു എന്ന് ഉറപ്പു വരുത്തുക. | ജൂലൈ-സെപ്റ്റംബർ | | |
| 2. | വായനക്കുറിപ്പ് മത്സരം, ദൃശ്യാവിഷ്കാരം, ഉപന്യാസ രചന, കഥാരചന സ്വന്തമായി വിഷയം തിരഞ്ഞെടുക്കൽ | സാഹിത്യാഭിരുചി വളർത്താനുള്ള സാഹചര്യം ഒരുക്കുകയും അതിനനുയോജ്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക. | ഒക്ടോബർ-മാർച്ച് | – | |
| 3. | ഡോക്യുമെന്ററി നിർമ്മാണം യാത്രാവിവരണം | ഭാഷാശേഷി വികസനത്തിനായി ഐ.ടി. സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുക. | നവംബർ | | |
| 4) | തിരക്കഥാ രചന, കഥാരചന, കവിതാരചന | മുഴുവൻ കുട്ടികൾക്കും സർഗ്ഗാത്മക രചനകൾക്കും അവതരണത്തിനുമുള്ള അവസരം നൽകുക. | ഒക്ടോബർ-മാർച്ച് | | |

## മേഖല - UP - സോഷ്യൽ സയൻസ്.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സ്വാധീനത്തിന്റെ വിശകലനം. |
|---|---|---|---|---|
| 1. സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാന അറിവുകൾ ആശയങ്ങൾ ഇവ പരിപോഷിപ്പിക്കൽ. | ഇന്ത്യയിലെ നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ വൈവിധ്യങ്ങൾ തുടങ്ങിയവ അടിസ്ഥാനമാക്കി ICT സാധ്യതകളുപയോഗിച്ച് test നടത്തുന്നു. | അക്കാദമിക വർഷാരംഭം. - ജൂൺ - | SS. അധ്യാപകർ. | |
| 2. പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക. | ICT- സാധ്യതകളുപയോഗിച്ച് ലോകത്തെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | അക്കാദമിക വർഷം | SS. അധ്യാപകർ | |
| 3. പ്രകൃതിദുരന്തങ്ങളെ കുറിച്ച് മനസ്സിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാൻമാരാക്കുന്നു. | - സുനാമി, ഭൂകമ്പം, വെള്ളപ്പൊക്കം, തുടങ്ങിയവയുടെ ചിത്രീകരണമായ ദൃശ്യങ്ങളിലൂടെ പ്രകൃതിദുരന്തങ്ങളുടെ തീവ്രത മനസ്സിലാക്കുകയും - [illegible] രക്ഷാ ഉദ്യോഗസ്ഥരുടെ സഹായത്തോടെ ക്ലാസുകൾ സംഘടിപ്പിച്ച് രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് സജ്ജരാക്കുകയും ചെയ്യുന്നു. | അക്കാദമിക വർഷം. | സാമൂഹ്യശാസ്ത്ര ക്ലബ്ബ്. | |

| | | | | |
|---|---|---|---|---|
| സഹജീവികളോട് സമഭാവന വളർത്തിയെടുക്കുക | പ്രകൃതിദുരന്തങ്ങൾ സംഭവിച്ച സ്ഥലത്ത് വിദ്യാർത്ഥികൾക്ക് എത്താൻ കഴിയുന്ന സഹായം ചെയ്യുക. കുട്ടികൾ സ്വരൂപിച്ച സാധനസാമഗ്രികൾ ദുരന്തബാധിത പ്രദേശങ്ങളിൽ കൈമാറുന്നു. | അക്കാദമിക വർഷം | SS. അധ്യാപകർ. | PT. SS. ക്ലബ്. |
| 5. ICT സഹായത്തോടെ റോഡ് സുരക്ഷ — വിവര സാങ്കേതിക വിദ്യ-ദുരുപയോഗം- എന്നിവയെ കുറിച്ച് ബോധവാൻമാരാകുക. | SS. ക്ലബിന്റെ സഹായത്തോടെ സൈബർ ഉദ്യോഗസ്ഥർ - ട്രാഫിക് പോലീസിന്റെയും സഹായത്തോടെ ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം. | SS. അധ്യാപകർ | SS. ക്ലബ്. |
| 6. സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു. | ഫീൽഡ് ട്രിപ്പ്, സർവ്വേ - കാവുകൾ, കണ്ടൽകാടുകൾ, ജലാശയങ്ങൾ, കാടുകൾ എന്നിവ സന്ദർശിച്ച് റിപ്പോർട്ട് തയ്യാറാക്കൽ | അക്കാദമിക വർഷം. | SS. അധ്യാപകർ SS. ക്ലബ്. | SS. ക്ലബ്, |

മേഖല - UP സയൻസ്.

| ലക്ഷ്യം. | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| 1. ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | നിശാഗന്ധി - ജൈവവൈവിധ്യ പാർക്ക്. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, വിവിധ ക്ലബ്ബുകൾ. | PTA |
| | ഔഷധത്തോട്ടം, പച്ചക്കറിത്തോട്ടം നിർമ്മാണം. | | | |
| | കാടറിയാനൊരു യാത്ര. | ജൂലൈ | | |
| | വംശനാശഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ - ജൈവവൈവിധ്യ രജിസ്റ്റർ - നിർമ്മാണം - യാത്രകൾ. | ജൂൺ മുതൽ | ശാസ്ത്രാധ്യാപകർ, ക്ലബ്ബുകൾ. | രക്ഷിതാക്കൾ |
| | പരീക്ഷണക്കളരി. നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി ലഘു-പരീക്ഷണങ്ങൾ ചെയ്യുന്നു. പരീക്ഷണ കിറ്റുകൾ നിർമ്മിക്കുന്നു. | അക്കാദമിക വർഷം. | ശാസ്ത്രാധ്യാപകർ, ക്ലബ്ബുകൾ. | |

| | | | | |
|---|---|---|---|---|
| ശാസ്ത്ര പ്രക്രിയാശേഷി വികസിപ്പിക്കുക, ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വികസിപ്പിക്കുക. | [illegible], ആരോഗ്യ-ശാസ്ത്ര ക്ലബ് ഇവയുടെ സഹായത്താൽ പ്രോജക്ടുകൾ തയ്യാറാക്കി അവതരിപ്പിക്കൽ. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| | ശാസ്ത്രോത്സവം സംഘടിപ്പിക്കൽ. | | സയൻസ് ക്ലബ് | PTA. സയൻസ് ക്ലബ്. |
| | ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട ശാസ്ത്ര വിസ്മയ ചുമർ-നിർമ്മാണം. | അക്കാദമിക വർഷം | | |
| | ശാസ്ത്രമേഖലയിലെ പ്രമുഖരുമായി അഭിമുഖം - ശാസ്ത്ര ലേഖനങ്ങൾ ശാസ്ത്രമാസികകൾ ഉൾക്കൊള്ളിച്ച് - ശാസ്ത്ര ലൈബ്രറി. | അക്കാദമിക വർഷം. | സയൻസ് ക്ലബ് | |
| 5. ശാസ്ത്ര രംഗത്തെ നൂതന ആശയങ്ങൾ ശാസ്ത്രപഠനത്തിൽ പ്രയോജനപ്പെടുത്തുക. | ICT-യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കാണിക്കുന്നതിനുള്ള വീഡിയോ പ്രദർശനങ്ങൾ. | അക്കാദമിക വർഷം. | ശാസ്ത്രാധ്യാപകർ | |

അക്കാദമിക് മാസ്റ്റർ പ്ലാൻ - യു.പി. വിഭാഗം ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശരിയായി ഇംഗ്ലീഷ് ശ്രവിക്കാനും വായിക്കാനും മനസ്സിലാക്കാനും അവസരം നൽകുന്നു. | ലളിതവും രസകരവുമായ പ്രവർത്തനങ്ങളിലൂടെ ഇംഗ്ലീഷ് വാക്കുകൾ, വാക്യങ്ങൾ എന്നിവ പഠിക്കുന്നു. ഇംഗ്ലീഷ് പത്രം വായിച്ച് News അവതരിപ്പിക്കാൻ അവസരം ഒരുക്കുന്നു | അക്കാദമിക് വർഷം. | അധ്യാപകർ | |
| വായന പരിപോഷിപ്പിക്കുന്നു | അസംബ്ലിയിൽ ഇംഗ്ലീഷ് ദിനപ്പത്രം വായിക്കാൻ അവസരം നൽകുന്നു. Reader of month നെ ആദരിക്കുന്നു. | മാസം തോറും | ഇംഗ്ലീഷ് അധ്യാപകർ | |
| തെറ്റുകൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു. | പോസ്റ്ററുകൾ, നോട്ടീസുകൾ എന്നിവ ക്ലാസ്സ് റൂമുകളിൽ പ്രദർശിപ്പിക്കുന്നു. | ദിനാചരണങ്ങളിൽ | അധ്യാപകർ | |
| ഇംഗ്ലീഷ് ഭാഷയിലുള്ള ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നു | എല്ലാ കുട്ടികൾക്കും വൈവിധ്യമാർന്ന പരിപാടികളുമായി മുന്നോട്ട് വരാൻ അവസരം ലഭിക്കുന്നു. | വർഷാവസാനം | അധ്യാപകർ, പി.ടി.എ. രക്ഷിതാക്കൾ. | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ - യു.പി. വിഭാഗം മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|
| ഭാഷാപര-മായ പിന്നാക്ക അവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നാക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ്സ്. അക്ഷരം ഉറപ്പിക്കൽ ചിഹ്നങ്ങൾ ഉറപ്പിക്കൽ വാക്കുകൾ, | ജൂൺ മാസങ്ങൾ ജൂലൈ | പുസ്തകങ്ങൾ, പത്രങ്ങൾ, ചിത്രകഥകൾ | അധ്യാപകർ, രക്ഷിതാക്കൾ |
| അർത്ഥപൂർ-ണമായ വായന ഉറപ്പിക്കുന്നു. | പത്രം, മാസികകൾ എന്നിവ വായിക്കുക, ഉച്ചാരണ ശുദ്ധി വളർത്തുകയും ചെയ്യുന്നു. അതാത് മാസത്തെ പ്രധാന സംഭവങ്ങൾ, സ്കൂൾ വാർത്തകൾ ക്രോഡീകരിച്ച് വാർത്തകൾ അവതരിപ്പിക്കാൻ അവസരം നൽകുന്നു. ക്വിസ് മത്സരം നടത്തുന്നു | പ്രതിമാസം<br>വർഷത്തിൽ 2 പ്രാവശ്യം | പത്രം, മാസിക-കൾ, ലൈബ്രറി പുസ്തകങ്ങൾ | മലയാളം അധ്യാപകർ വിദ്യാരംഗം കലാസാഹിത്യ-വേദി ക്ലബ്ബ് |
| പഠിതാവിന്റെ കലാവാസനക-ളെ പരിപോഷി-പ്പിക്കൽ | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ലഘുനാടകങ്ങൾ, കവിതകളാലാപനം ഇടങ്ങളിൽ അസംബ്ലിയിൽ അവതരിപ്പി-ക്കാൻ അവസരം നൽകുന്നു | അക്കാദമിക് വർഷം | പുസ്തകങ്ങൾ, ലൈബ്രറിപുസ്ത-കങ്ങൾ | അധ്യാപകർ, രക്ഷിതാക്കൾ |

മേഖല- അക്കാദമികം- ഹിന്ദി.

## പൊതുവായ ലക്ഷ്യങ്ങൾ

1. സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ സ്വതന്ത്രമായി എഴുതുവാനും, വായിക്കുവാനും, സംസാരിക്കുവാനുമുള്ള കഴിവ് വളർത്തിയെടുക്കുക.
2. ഹിന്ദി ഭാഷാ പഠനത്തിലൂടെ കുട്ടികൾക്ക് ഭാഷാ സ്നേഹവും, ദേശസ്നേഹവും വളർത്തിയെടുക്കുക.
3. ഭിന്നശേഷി കുട്ടികൾക്ക് അനുയോജ്യമായ പഠന പ്രവർത്തനങ്ങൾ നൽകി മികവ് നേടാൻ പ്രാപ്തരാക്കുന്നു.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം. |
|---|---|---|
| ...ക്ഷരങ്ങൾ, ചിഹ്നങ്ങൾ ...ടിയവ പരിശീലിപ്പിക്കുന്നു ...രണം പരിചയപ്പെടുത്തുന്നു ...ചയുടെ എണ്ണങ്ങൾ, ...ങ്ങളുടെ എണ്ണങ്ങൾ എന്നിവ ...തുവാൻ പഠിപ്പിക്കുന്നു. | അക്ഷരമാല, ഓഡിയോ വിഷ്വൽ സഹായത്തോടെ ഉച്ചാരണം കൂടുതലായി പരിചയപ്പെടുത്തുന്നു. ഹിന്ദി കലണ്ടർ തയ്യാറാക്കുന്നു. കേട്ടെഴുത്ത്, പദസൂര്യൻ എന്നിവ നൽകുന്നു. ചിത്രകഥ, ചെറുകവിതകൾ എന്നിവ വായനയ്ക്കായി നൽകുന്നു. | ജൂൺ- ആ... ആഗസ്റ്റ്- ജ... |
| ...ന്ദി എഴുതുവാനും ...ക്കുവാനും, ചിന്തിക്കാനും ...ള്ള കുട്ടികളെ കണ്ടെത്തി ...ടുത്തൽ പരിശീലിപ്പിക്കുന്നു. | വർക്ക് ഷീറ്റുകൾ നൽകുന്നു. പോസ്റ്റർ മോഡൽ നൽകുന്നു. വിവിധ വിഷയങ്ങൾ നൽകുകയും അതിനെപ്പറ്റി ചെറുകുറിപ്പ് ഹിന്ദിയിൽ എഴുതുവാനും, പറയുവാനും അവസരം നൽകുന്നു. | ജൂൺ - അ... ആഗസ്റ്റ്- ഡിസ... |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| ഹിന്ദി വാരാഘോഷ ...ത്തിന് കുട്ടികളുടെ ഹിന്ദി ...ജ്ഞാനം ഉറപ്പുവരുത്തുന്നു. | പദ്യംചൊല്ലൽ, അക്ഷരമരം നിർമ്മാണം, ഡിജിറ്റൽ പ്രസന്റേഷൻ ഇവ സംഘടിപ്പിക്കുന്നു. | ഓഗസ്റ്റ് മ... സെപ്റ്റംബർ ഒക്ടോ... |
| ...റിയ സംഭവങ്ങൾ ...ത്തകമായി എഴുതുവാൻ ...റിയുന്നു. ...ഡയറിക്കുറിപ്പ് എഴുതുവാനറിയുന്നു. ...ത്തെഴുതുവാനറിയുന്നു. | പാഠഭാഗത്തിലെ സന്ദർഭം നൽകുന്നു. കഥാപാത്രങ്ങളെ ആസ്വദിച്ച് തിരക്കഥ തയ്യാറാക്കുവാൻ വേണ്ട നിർദ്ദേശം നൽകുന്നു. തിരക്കഥ- മോഡലുകൾ നൽകുന്നു. ഡയറിയിൽ ഉൾപ്പെടുത്തേണ്ട വിവരങ്ങൾ നൽകുന്നു. കത്തെഴുതുവാൻ വേണ്ട വിവരങ്ങൾ നൽകുന്നു. പാഠഭാഗങ്ങളിൽ നിന്ന് ഡയറിക്കുറിപ്പ്, കത്ത് എന്നിവ തയ്യാറാക്കുന്നു. ഒരു ഹിന്ദി അസംബ്ലി നടത്തുവാനും തീരുമാനിച്ചു. | ദീർഘകാലം ജൂൺ - ജൂ... |
| ഭിന്നശേഷിക്കുട്ടികൾക്ക് ...നുയോജ്യമായ പ്രവർത്തനം നൽകുന്നു. | ഭിന്നശേഷിക്കുട്ടികൾക്ക് അവരുടെ ക്ലാസ്സുകളിൽ പഠിക്കുവാനുള്ള പാഠഭാഗങ്ങളിൽ നിന്ന് ഓരോ കുട്ടിയ്ക്കും ചെയ്യുവാൻ പറ്റിയ പ്രവർത്തനങ്ങൾ (ചിത്രംവര, കളറിംഗ്, കാർഡ് നിർമ്മാണം, മോഡൽ നിർമ്മാണം) തുടങ്ങിയവ നൽകുന്നു. | ദീർഘകാലം ജൂൺ - ജന... |